**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1453 03.10.2011- ൽ മറുപടിക്ക്**

**ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ നടപടി**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ** **ബഹു. മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | താഴെപ്പറയുന്ന ഓർഡിനൻസുകൾ ഇപ്പോൾ നിലവിലുണ്ടോ; | |
| | (i) പാരാമെഡിക്കൽ കൗൺസിൽ രൂപീകരണം; | പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള 2011-ലെ കേരള പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസ് (2011-ലെ 40), 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിൽ ഇല്ലാതായിത്തീർന്നിട്ടുള്ളതാണ്. |
| | (ii) സ്പോട്സ് കൗൺസിൽ നിയമനം പി.എസ്.സിക്ക് വിട്ടത്; | സ്പോർട്ട്സ് കൗൺസിൽ നിയമനം പി.എസ്സ്.സിയ്ക്ക് വിടുന്നത് സംബന്ധിച്ച, 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2011-ലെ 31) വിളംബരപ്പെടുത്തിയിരുന്നെങ്കിലും അത് പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ല. ടി ഓർഡിനൻസ് ഇപ്പോൾ നിലവിലില്ല. |
| | (iii) പ്ലാച്ചിമട ട്രൈബൂണൽ രൂപീകരിക്കാനുള്ളത്; | പ്ലാച്ചിമട ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുവേണ്ടി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടില്ല.<br>എന്നാൽ പ്ലാച്ചിമട ട്രൈബൂണൽ രൂപീകരിക്കുന്നതിനുള്ള, 2011-ലെ കേരള പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക |

| | | |
|---|---|---|
| | | ട്രൈബ്യൂണൽ ബിൽ കേരള നിയമസഭ 2011 ഫെബ്രുവരി മാസം 24-ാം തീയതി പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി 2011 മാർച്ച് മാസം 29-ാം തീയതി ഗവർണർ അയച്ചിട്ടുള്ളതാണ്. |
| | (iv) ഡോക്ടർമാർക്കും, ആശുപത്രികൾക്കുമെതിരെയുള്ള അക്രമം തടയൽ; | ഡോക്ടർമാർക്കും ആശുപത്രികൾക്കുമെതിരെയുള്ള അക്രമം തടയുന്നതിനായുള്ള 2011-ലെ കേരള ആരോഗ്യ സുരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ സുരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ്, (2011-ലെ 23) 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിൽ ഇല്ലാതായിത്തീർന്നിട്ടുള്ളതാണ്. |
| (ബി) | ഇവയ്ക്ക് പകരം ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; | ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.<br>എന്നാൽ 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിൽ ഇല്ലാതായിത്തീർന്ന 2011-ലെ കേരളാ പാരാമെഡിക്കൽ കൗൺസിൽ ഓർഡിനൻസിനെ (2011-ലെ 40) ആധാരമാക്കി ഒരു കരട് ബില്ലിന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ടി ഓർഡിനൻസിനെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ കരട് ബില്ല് പരിശോധിച്ച് കൂടുതൽ സമഗ്രമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ആയത് എത്രയും പെട്ടെന്ന് പൂർത്തിയാക്കി നിയമസഭയിൽ ബില്ല് അവതരിപ്പിച്ച് നിയമമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് സാധിക്കാതെ വന്നാൽ മാത്രമേ ഓർഡിനൻസ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിഗണി |

| | | |
|---|---|---|
| | | ക്കുകയുള്ളൂ.<br>കൂടാതെ, 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിൽ ഇല്ലാതായി ത്തീർന്ന 2011-ലെ കേരളാ ആരോഗ്യ സുരക്ഷാ സേവക പ്രവർ ത്തകരും ആരോഗ്യസുരക്ഷാ സേവക സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസിലെ, (2011-ലെ 23) വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊ ണ്ടുള്ള കരട് ബില്ലും സർക്കാരിന്റെ പരിഗണനയിലാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ